യി അമേരിക്കയും റഷ്യയും ബ്രിട്ടനും ഫ്രാൻസും ചൈനയും തയ്യാറാക്കി വെച്ചിട്ടുള്ള അണ്വായുധക്കൂമ്പാരങ്ങളും അവരെ എത്ര കൂടുതൽ പരിഭ്രാന്തരാക്കണം! അണു—സ്ഫോടന പരീക്ഷണത്തിനും അണ്വായുധ നിർമാണ സംഭരണങ്ങരംക്കും എതിരായ ജനകീയപ്രസ്ഥാനം യൂറോപ്പിൽ ശക്തിപ്പെടാൻ കാരണമാകമെങ്കിൽ, ചെർണോബിൽ അപകടം ഉർവശീ ശാപം പോലെ ഉപകാരമായി എന്നു നമുക്കു കരുതാം.

ഭൂമിയിലെ എണ്ണ, കൽക്കരി മുതലായ ഊർജവിഭവങ്ങരം ക്ഷയിച്ചു വരുകയാണല്ലോ. ഊർജത്തിനു ഭാവിയിൽ മനുഷ്യർ അണുശക്തിയെ കൂടുതൽ ആശ്രയിക്കേണ്ടിവരുമെന്നാണ് ഇന്നു വിശ്വസിക്കപ്പെടുന്നത്. അണുവൈദ്യുതീനിലയങ്ങളുടെ നിർമാണത്തിൽ വലിയ പുരോഗതി കൈവന്നിട്ടുണ്ട്. അവയിൽ അപകടം പററാനുള്ള സാദ്ധ്യത തികച്ചും തടയപ്പെട്ടിരിക്കുന്നതായി എൻജിനീയർമാർ അവകാശപ്പെടുന്നു. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ അണുവൈദ്യുതി ഉല്പാദനം നേരേ ഇരട്ടിയാക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ് ഇപ്പോരം സോവിയററ് യൂണിയൻ. കിഴക്കേ ജർമനി, ചെക്കോസ്ളൊവാക്യ, പോളണ്ട്, ഹംഗറി മുതലായ കിഴക്കേ യൂറോപ്പിലെ കമ്യൂണിസ്റ്റ് രാജ്യങ്ങളും കൂടുതൽ അണുവൈദ്യുതീനിലയങ്ങരം നിർമിച്ചുവരുന്നുണ്ട്. ഇപ്പോരംത്തന്നെ ഈ രാജ്യങ്ങളിലെ വൈദ്യുതി ആവശ്യത്തിൽ പതിനഞ്ചു ശതമാനം നിറവേററുന്നത് അണുവൈദ്യുതീനിലയങ്ങളാണ്. അണുവൈദ്യുതി നിർമാണത്തിൽ വളരെ മുന്നിൽ നിലകൊള്ളുന്ന ഒരു രാജ്യമാണ് ഫ്രാൻസ്. എല്ലാ സമ്പന്നരാജ്യങ്ങളും അണുവൈദ്യുതിനിർമാണത്തിൽ പരസ്പരം മത്സരിച്ചുവരുകയാണ്. ഇന്ത്യപോലുള്ള ദരിദ്രരാജ്യങ്ങളും അതേവഴിയിലൂടെ മുന്നേറാനാണ് ആഗ്രഹിക്കുന്നത്.

ചെർണോബില്ലിലുണ്ടായതുപോലെ ഒരു പൊട്ടിത്തെറി ഇന്ത്യയിൽ ട്രോംബേയിലോ മററോ ഉണ്ടായാൽ എന്തായിരുന്നു സ്ഥിതി? എത്ര മരണങ്ങരം ഇവിടെ സംഭവിക്കുമായിരുന്നില്ല? എന്തെല്ലാം കെടുതികരം നാം അനുഭവിക്കേണ്ടിവരുമായിരുന്നില്ല.

അണുശക്തിയെപ്പററി മനുഷ്യർ ഗൗരവബുദ്ധിയോടെ പുനർവിചാരം നടത്തണമെന്നതാണ് ചെർണോബില്ലിന്റെ സന്ദേശം. മരിക്കുന്നത് യുദ്ധത്തിൽ ആററംബോംബ് പൊട്ടിയിട്ടായാലെന്ത്, സമാധാനകാലത്ത് അണുവൈദ്യുതീനിലയം പൊട്ടിത്തെറിച്ചിട്ടായാലെന്ത്? രണ്ടുവിധത്തിലുമുള്ള അണുസ്ഫോടനവിപത്ത് ഒഴിവാക്കുകതന്നെവേണം. പ്രപഞ്ചത്തിന്റെ മൗലികസംവിധാനത്തിനകത്തു കടന്നു തിരുപ്പിടിക്കാനുള്ള അറിവോ, വിവേകമോ, കൗശലമോ മനുഷ്യനു് ഇനിയും കൈവന്നിട്ടില്ല.

(4 മെയ്, 1986)

# 27. ത്രീ മൈൽ ഐലൻഡ്

പെൻസിൽവാനിയ സ്റ്റേററിൽ 'ലണ്ടൻഡറി' എന്ന ചെറുനഗരത്തിനരികെ 'സസ്ക്വെഹന്ന' എന്ന നദിയുടെ കരയിലാണു രണ്ടു യൂണിററുകരം അടങ്ങിയ 'ത്രീ മൈൽ ഐലൻഡ്' അണുവൈദ്യുതീനിലയം. ഇവിടെ രണ്ടാമത്തെ യൂണിററിൽ ആണ് 1979 മാർച്ച് 28—ാം തീയതി പുലർച്ചെ നാലുമണിക്ക് 'ചോർച്ച' എന്നു വിവരിക്കപ്പെട്ട അപകടമുണ്ടായത്. ഏഴുവർഷത്തിനുശേഷം ആദ്യമായി ഈയിടെ ഈ

വൈദ്യുതീനിലയം സന്ദർശിക്കാൻ വിദേശീയ പത്രപ്രതിനിധികളെ അമേരിക്കൻ സർക്കാർ അനുവദിക്കുകയുണ്ടായി. ഈ പത്രപ്രതിനിധികളിൽ ഒരാളായിരുന്ന ശ്രീ ആർ. ചക്രപാണി അവിടെ താൻ കണ്ട കാര്യങ്ങൾ വിവരിച്ചുകൊണ്ട് 1986 ജൂലൈ 29—ലെ 'ഹിന്ദു' പത്രത്തിലെഴുതിയ ലേഖനമാണ് ഈ കുറിപ്പിന് ആധാരം. ത്രീ മൈൽ ഐലൻഡ് അണുവൈദ്യുതീനിലയത്തിലെ കേടുപററാത്ത ഒന്നാം യൂണിററിൽ ഇപ്പോഴും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. പത്രപ്രതിനിധികളെ അതിന്റെ അകത്തേക്കു കടത്തിയില്ല. കേടുവന്ന രണ്ടാം യൂണിററിൽ, ആളുകൾ നേരിട്ടു കടന്നുചെല്ലാതെ, ടെലിവിഷൻക്യാമറകളുടെയും റോബോട്ട്യന്ത്രങ്ങളുടെയും സഹായത്തോടെ ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതു് എങ്ങനെ എന്നു കണ്ടു മനസ്സിലാക്കാൻ മാത്രമേ അവരെ അനുവദിച്ചുള്ളു. ക്യാമറയുടെ ഫ്ളാഷ് ബൾബുകൾപോലും കൂടെ കൊണ്ടുപോകാൻ അവർക്ക് അനുവാദം ഉണ്ടായിരുന്നമില്ല.

ത്രീ മൈൽ ഐലൻഡിലെ ശുചീകരണപ്രവർത്തനങ്ങളിൽ അമേരിക്കയിലെ എന്നപോലെ ജപ്പാനിലെയും വിദഗ്ധർ സഹകരിക്കുന്നുണ്ട്. ശുചീകരണചെലവുകൾക്കായി നൂറുകോടി ഡോളർ (ആയിരത്തി ഇരുനൂറുകോടി രൂപ) വരുന്ന ഒരു ഫണ്ട് അമേരിക്കയിലെ കേന്ദ്ര—സംസ്ഥാനഗവണ്മെൻറുകളും ബാങ്കുകളും മററും ചേർന്ന് രൂപവല്ക്കരിച്ചിട്ടുണ്ട്. ഇതിലേക്ക് ഒരുകോടി എൺപതുലക്ഷം ഡോളർ ജപ്പാൻ ഗവണ്മെൻറ് സംഭാവനചെയ്തിട്ടുണ്ട്. ഈ ഫണ്ടിൽനിന്ന് അറുപത്തൊന്നു കോടി അമ്പതുലക്ഷം ഡോളർ (ഏകദേശം എഴുനൂററി മുപ്പത്തെട്ടുകോടി രൂപ) ശുചീകരണപ്രവർത്തനങ്ങൾക്കായി ഇതിനകം ചെലവായിക്കഴിഞ്ഞു. 'ചോർച്ച' നടന്ന യൂണിററിലും പരിസരത്തിലുമായി അണുപ്രസരണമുള്ള ഒരുലക്ഷത്തി മുപ്പത്തയ്യായിരം കിലോഗ്രാം ലോഹങ്ങളും മണ്ണും മററും ശേഖരിച്ച് പ്രത്യേകതരം വീപ്പകളിൽ അടക്കംചെയ്യേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 1986 ഏപ്രിൽ ആയപ്പോഴേക്ക് അണുപ്രസരണം വളരെ അധികമുള്ള ഇരുപത്തീരായിരത്തി അഞ്ഞൂറു കിലോഗ്രാം 'അഴുക്ക്' വീപ്പകളിൽ നിറയ്ക്കപ്പെട്ടു. ഈ വീപ്പകൾ ഇപ്പോൾ വെള്ളത്തിനടിയിൽ തല്ക്കാലത്തേക്കു സൂക്ഷിച്ചിരിക്കയാണ്. ഒടുവിൽ അവ എവിടെക്കൊണ്ടുപോയി കഴിച്ചിടുമെന്ന് ഇനി തീരുമാനിക്കാൻ ഇരിക്കുന്നതേയുള്ളു.

ത്രീ മൈൽ ഐലൻഡിലെ അണുവൈദ്യുതീനിലയം നിർമിച്ച വെസ്റ്റിങ്ഹൗസ് കമ്പനിയും, വേറെ ചില അണു വ്യവസായ സംഘടനകളും അമേരിക്കൻ ഗവണ്മെൻറിന്റെ അണുശക്തി വിഭാഗവും ചേർന്നാണ് ഈ ശുചീകരണപ്രവർത്തനം നടത്തുന്നതു്. മനുഷ്യർക്കു ചെയ്യാൻ ആകാത്ത ഈ ശുചകീരണം നടത്തുവാനായി പ്രത്യേകതരം റോബോട്ടുകളേയും (യന്ത്രമനുഷ്യരെയും), വളരെ നീണ്ട 'യന്ത്രക്കൈ'കളെയും ഉണ്ടാക്കിയിട്ടുണ്ട്. അണുപ്രസരണസ്ഥലങ്ങളിൽ നിക്ഷേപിച്ച പ്രത്യേകതരം ടെലിവിഷൻക്യാമറകളിൽനിന്നു കിട്ടുന്ന ചിത്രങ്ങളെ ആധാരമാക്കിയാണ്, എൻജിനീയർമാർ വളരെ ദൂരെ സുരക്ഷിതമായി ഇരുന്ന് ഈ ശുചീകരണസംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതു്. ഈ പണി 1988 ഒക്ടോബറിൽ പൂർത്തിയാക്കണമെന്നാണ് ഉദ്ദേശ്യം. എങ്കിലും, അതിനുശേഷം അണുവൈദ്യുതീനിലയത്തിന്റെ തറകളിലും ചുവരുകളിലും തട്ടുകളിലും പററിപ്പിടിച്ച അണുപ്രസരണഅഴുക്കുകൾ ചുരണ്ടിക്കളയാൻ പിന്നെയും എത്രയോ മാസങ്ങൾ വേണ്ടിവരുമെന്നാണു കണക്കാക്കപ്പെടുന്നതു്. ഈ പണിയൊക്കെ റോബോട്ടുകളെ ഉപയോഗിച്ചു നടത്തുകയും വേണം. മനുഷ്യർക്ക് അടുക്കാവുന്ന ഇടങ്ങളിൽ അണുപ്രസരണത്തിൽനിന്നു രക്ഷനൽകുന്ന പ്രത്യേകവസ്ത്രങ്ങളും ശ്വാസോച്ഛ്വാസ യന്ത്ര

ങ്ങളും ഉപയോഗിച്ചു മനുഷ്യർ ചെല്ലുന്നു. അവർക്കു തല ചുററുകയോ മറേറാ ചെയ്താൽ, ടെലിവിഷൻ ക്യാമറകൾ ആ വിവരം ഉടൻ നിയന്ത്രണമുറിയിലെത്തിക്കുന്നു. നിയന്ത്രണമുറിയിൽ കുറെ സൂപ്പർവൈസർമാർ പ്രവർത്തനമേഖല സശ്രദ്ധം നിരീക്ഷിച്ചുകൊണ്ടു് ഇളവില്ലാതെ കാവൽ ഇരിക്കുന്നതു് അവിടം സന്ദർശിച്ച പത്രപ്രതിനിധികൾ കാണുകയുണ്ടായി.

ത്രീ മൈൽ ഐലൻഡിലെ ശുചീകരണ പ്രവർത്തനങ്ങളിലൂടെ, അണുമാലിന്യനിർമാർജനത്തിൻെറ സാങ്കേതികവശങ്ങൾ സംബന്ധിച്ചു്, മറെറങ്ങും ലഭിക്കാത്ത അമൂല്യമായ വിജ്ഞാനം അമേരിക്കൻ—ജാപ്പനീസ് വിദഗ്ദ്ധർക്കു കിട്ടിക്കൊണ്ടിരിക്കുന്നു. മേലിൽ ലോകത്തിലെ ഏതെങ്കിലുമൊരു രാജ്യത്തുള്ള അണുവൈദ്യുതീനിലയങ്ങളിൽ വല്ല അപകടവുമുണ്ടായാൽ, ആദ്യമായി സഹായത്തിനു വിളിക്കുക അമേരിക്കക്കാരോ,ജപ്പാൻകാരോ ആയ അണുമാലിന്യ—ശുചീകരണവിദഗ്ദ്ധരെ ആയിരിക്കും. അതിനാൽ, ത്രീ മൈൽ ഐലൻഡ് ശുചീകരണ ഫണ്ടിലേക്കുള്ള ജപ്പാൻകാരുടെ സംഭാവന അത്യന്തം ലാഭകരമായ ഒരു ധനനിക്ഷേപമായാണു് പരിഗണിക്കപ്പെടുന്നതു്.

ത്രീ മൈൽ ഐലൻഡ് അണുവൈദ്യുതീനിലയത്തിൽ സംഭവിച്ചതു് എന്തായിരുന്നു?

പ്രത്യേകതരത്തിൽ സംസ്കരിച്ചെടുത്ത യുറേനിയമാണല്ലോ അണുറിയാക്ടറിലെ ഇന്ധനം. ഈ ഇന്ധനം ഒരു നിശ്ചിത അളവിൽ കൂട്ടിവെച്ചാൽ ശൃംഖലാ പ്രതിപ്രവർത്തനരീതിയിലുള്ള അണുവിസ്ഫോടനത്തിൻെറ ഫലമായി ചൂടു് ഉല്പാദിപ്പിക്കപ്പെടും. ഈ ചൂടു് ഏതെങ്കിലും മാദ്ധ്യമത്തിലേക്കു പകർത്തി, അതു് ഉപയോഗപ്പെടുത്തി വെള്ളം ആവിയാക്കുകയും, ആവികൊണ്ടു് ടർബൈൻ തിരിച്ചു് വൈദ്യുതി ഉല്പാദിപ്പിക്കുകയുമാണു്, അണുവൈദ്യുതീനിലയങ്ങളിൽ സംഭവിക്കുന്നതു്. റിയാക്ടറിൽ ചൂടു് ഒരു നിശ്ചിത അളവിൽ കൂടുതലാകാതിരിക്കാൻ, എന്തെങ്കിലും ശീതീകരണദ്രാവകം (കൂളൻറ്) അതിലൂടെ ഒഴുക്കിക്കൊണ്ടിരിക്കണം. ത്രീ മൈൽ ഐലൻഡിലെ റിയാക്ടറിൽ, എങ്ങനെയോ, ശീതീകരണദ്രാവകത്തിൻെറ ഒഴുക്കു തടയപ്പെട്ടു. അതിൻഫലമായി, 'റിയാക്ടർപ്പാത്ര'ത്തിനുള്ളിൽ ചൂടു വർധിച്ചു. ഈ ചൂടു് ശീതീകരണദ്രാവകത്തിലേക്കു കടന്നു. യന്ത്രത്തിനകത്തു് അധികസമ്മർദം ഒഴിവാക്കാൻ ഉണ്ടാക്കിയിരുന്ന ഒരു വാൽവ് ഇതിൻഫലമായി തനിയെ തുറന്നു. പക്ഷേ, സമ്മർദം സാധാരണനിലയിലേക്കു താഴ്ന്നപ്പോൾ ആ വാൽവ് സ്വയം അടഞ്ഞില്ല. തുറന്നുകിടന്ന ഈ വാൽവിലൂടെ വെള്ളം പുറത്തേക്കൊഴുകി. ജലനിരപ്പു താഴ്ന്നപ്പോൾ റിയാക്ടറിലെ ഇന്ധനത്തിനു് അമിതമായ ചൂടു നിമിത്തം കേടു സംഭവിച്ചു. പുറത്തേക്കൊഴുകിയ വെള്ളവും ആവിയും നിറഞ്ഞു് സ്റ്റോറേജ്ടാങ്ക് പൊട്ടി. അണുപ്രസരമുള്ള രണ്ടരലക്ഷം ഗ്യാലൻ വെള്ളം അണുവൈദ്യുതീനിലയത്തിൻെറ നിലവറയിലും മുറികളിലും നിറഞ്ഞു. ഭാഗ്യവശാൽ, സോവിയററ്റഷ്യയിലെ ചെർണോബിൽ സംഭവിച്ചതുപോലുള്ള ഒരു പൊട്ടിത്തെറി ത്രീ മൈൽ ഐലൻഡിൽ ഉണ്ടായില്ല. ത്രീ മൈൽ ഐലൻഡിൻെറ പരിസരങ്ങളിൽ അണുപ്രസരണം മനുഷ്യർക്കു് ആപത്കരമാംവിധം വർധിച്ചിട്ടില്ലെന്നാണു ഗവണ്മെൻറ് പിന്നീടു നിയമിച്ച അന്വേഷണസംഘങ്ങൾ പറയുന്നതു്. ഈ സ്ഥലത്തു് ഇക്കഴിഞ്ഞ ആറു വർഷങ്ങളിൽ ക്യാൻസർ രോഗികളുടെ എണ്ണം സാധാരണതോതിൽക്കവിഞ്ഞു് അധികമായിട്ടുമില്ല.

അണുവൈദ്യുതീനിലയത്തിൽ ചോർച്ച ഉണ്ടായതായി അറിഞ്ഞതോടെ, അടുത്തുള്ള ലണ്ടൻഡറി നഗരത്തിൽനിന്നു പരിഭ്രാന്തരായ

ആളുകളും വീടുകളും ഒഴിച്ചുപോയി. അണുവൈദ്യുതീനിലയങ്ങൾക്ക് അരികിലുള്ള വേറെ അറുപതു് അമേരിക്കൻനഗരങ്ങളിലും സംഭ്രാന്തി പരന്നു. ഏതാനും ആഴ്ചകൾക്കുശേഷം, വായുവിലോ, വെള്ളത്തിലോ, മണ്ണിലോ അണുപ്രസരണമില്ലെന്നു് അധികൃതർ ഉറപ്പുനൽകിയശേഷമാണു് ലണ്ടൻഡറിക്കാർ തങ്ങളുടെ വീടുകളിൽ തിരികെ ചെന്നതു്. എങ്കിലും, ത്രീ മൈൽ ഐലൻഡിലെ ചോർച്ച ഉണ്ടാക്കിയ ഞെട്ടലിൽ നിന്നു് അമേരിക്ക ഇനിയും വിമുക്തമായിട്ടില്ല. 1976–നുശേഷം അമേരിക്കയിൽ ഒരൊററ അണുവൈദ്യുതീനിലയവും പുതുതായി നിർമിക്കപ്പെപ്പെട്ടിട്ടില്ല. നിർമിക്കാൻ ആലോചനപോലുമില്ല.

ത്രീ മൈൽ അണുവൈദ്യുതീനിലയത്തിലെ അപകടത്തിനു കാരണം, റിയാക്ടറിൽനിന്നു തങ്ങൾക്കു കിട്ടിയ സൂചന ഓപ്പറേററർമാർ തെററായി വ്യാഖ്യാനിച്ചതാണു്. സമ്മർദം കൂടുതലായപ്പോൾ തനിയെ തുറന്ന വാൽവ് പിന്നീടു് അടയുകയോ, അടയ്ക്കുകയോചെയ്യാതിരുന്നതിൽനിന്നാണല്ലോ ചോർച്ച ഉണ്ടായതു്. 'ഓപ്പറേററർമാർ ചെയ്തതു് റിയാക്ടറിലേക്കു വെള്ളം പമ്പുചെയ്യുകയാണു്. ഈ നടപടി തെററായിരുന്നു. യന്ത്രോപകരണങ്ങൾ പര്യാപ്തങ്ങളായിരുന്നില്ല. പാതി ഉപകരണത്തകരാറും പാതി മനുഷ്യത്തകരാറുമാണു് ത്രീ മൈൽ ഐലൻഡിൽ ഉണ്ടായതു്'' എന്നാണു് ഔദ്യോഗികവിശദീകരണം.

ത്രീ മൈൽ ഐലൻഡിലെ അണുവൈദ്യുതീനിലയം ഇനി തുറന്നു പ്രവർത്തിപ്പിക്കുക സാധ്യമാണോ? 'ശുചീകരണപ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻപോലും പണം പോര എന്നതാണു് ഇപ്പോഴത്തെ നില. വൈദ്യുതീനിലയം വീണ്ടും പ്രവർത്തിപ്പിച്ചു തുടങ്ങണമോ എന്നു് ആലോചിക്കാൻപോലും സമയമായിട്ടില്ല' എന്നു് അധികൃതർ പ്രസ്താവിച്ചിട്ടുണ്ടു്.

തൊഴിലില്ലായ്മ, കുററകൃത്യങ്ങൾ, യുദ്ധം മുതലായവപോലുള്ള 'ഒരു സാമൂഹ്യപ്രശ്ന'മാണു് അണുശക്തിയും അതിന്റെ നിയന്ത്രണവുമെന്നു് ത്രീ മൈൽ ഐലൻഡിനടുത്തുള്ള ജനങ്ങൾ കരുതുന്നതായി ഈയിടെ പെൻസിൽവാനിയ സ്റ്റേററ് യൂണിവേഴ്സിററി നടത്തിയ ഒരു സർവേ വെളിപ്പെടുത്തി. പരിസരവാസികളിൽ അമ്പത്തൊന്നു ശതമാനവും ത്രീ മൈൽ ഐലൻഡിലെ കേടുവന്നു വൈദ്യുതീനിലയം വീണ്ടും പ്രവർത്തിപ്പിക്കുന്നതിനു് എതിരാണെന്നും ഈ സർവേയിൽ നിന്നും മനസ്സിലായി.

കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം സ്ഥാപിക്കണമെന്നു വാദിക്കുന്നവർ ഈ കാര്യങ്ങളെപ്പററിയെല്ലാം ആലോചിക്കുന്നതു കൊള്ളാം. ഇപ്പോൾ ഉള്ള പ്രശ്നങ്ങൾക്കു പുറമേ, ഇങ്ങനെയും ഒരു സാമൂഹ്യപ്രശ്നം നാം സ്വയം ക്ഷണിച്ചുവരുത്തണമോ?

'അണുവൈദ്യുതീനിലയം പണിയുമ്പോൾ കേന്ദ്രഗവണ്മെൻറ് വലിയ തോതിൽ പണം മുടക്കും. വൈദ്യുതീനിലയത്തിൽ അപകടങ്ങളുണ്ടായാൽ, കൂടുതൽ പണം തീർച്ചയായും മുടക്കപ്പെടും; ഒരുപക്ഷേ, അന്താരാഷ്ട്രതലത്തിൽത്തന്നെ കേരളത്തിൽ ഒരു അണുവൈദ്യുതീനിലയം നിർമിക്കപ്പെടുകയും, അതിൽ കൂടെക്കൂടെ അപകടങ്ങൾ ഉണ്ടാവുകയുമാണെങ്കിൽ, എത്രമാത്രം പണമാണു് ഇങ്ങോട്ടൊഴുകുക! നമ്മുടെയെല്ലാം ദാരിദ്ര്യം ഒരു പഴങ്കഥയായിമാറാൻ പിന്നെ വേറെ വല്ലതും വേണോ?' എന്നാവാം, ഒരുപക്ഷേ, നമ്മുടെ രാഷ്ട്രീയ—കൺട്രാക്ടർ—ഉദ്യോഗസ്ഥ—കൊള്ള—ലോബി ചിന്തിക്കുന്നതു്.

ആണോ? അതിനെപ്പററിയും സാധാരണജനങ്ങൾ ആലോചിക്കുന്നതു കൊള്ളാം.

**(30 ജൂലൈ, 1986)**